# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 213 10.10.2011-ൽ മറുപടിയ്ക്ക്

## ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ. ആർ.രാജേഷ്<br>ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻനായർ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം നടപ്പിലാക്കുന്നതിനായി ജലവിഭവവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) മൂവാറ്റുപുഴ ജലസേചന പദ്ധതിയേയും, മലമ്പുഴ, കാഞ്ഞിരപുഴ, ചിറ്റൂർപ്പുഴ എന്നീ പദ്ധതികളുടെ എക്സ്റ്റൻഷൻ, റിനോവേഷൻ ആന്റ് മോഡണൈസേഷൻ പ്രവർത്തികളേയും, കാരാപ്പുഴ പദ്ധതിയേയും ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഈ പദ്ധതി പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും ഗ്രാന്റ് നേടിയെടുക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) കേന്ദ്രസർക്കാരിൽ നിന്നും ഗ്രാൻറ് ലഭിക്കുന്നതിലേയ്ക്കായി പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. മൂവാറ്റുപുഴ പദ്ധതിയ്ക്കായി 2009 വരെ 154.96 കോടി രൂപയുടെയും, ചിറ്റൂർ പുഴ പദ്ധതിയ്ക്ക് 34.37 കോടി രൂപയുടെയും, മലമ്പുഴ പദ്ധതിയ്ക്ക് 11.08 കോടി രൂപയുടെയും കാഞ്ഞിരപ്പുഴ പദ്ധതിയ്ക്ക് 30 കോടി രൂപയുടെയും ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ലഭിച്ചു. ചിറ്റൂർപുഴ പദ്ധതിയ്ക്ക് 5.85 കോടി രൂപയുടെയും കാഞ്ഞിപ്പുഴ പദ്ധതിക്ക് 5.0695 കോടി |

| | | | |
|---|---|---|---|
| | | | രൂപയുടെയും കാരാപ്പുഴ പദ്ധതിയ്ക്ക് 2.7188 കോടി രൂപയുടെയും കേന്ദ്ര സഹായം റിലീസ് ചെയ്തിട്ടുണ്ട്. മലമ്പുഴ പദ്ധതിക്ക് നാളിതുവരെ കേന്ദ്രസഹായം റിലീസ് ചെയ്തിട്ടില്ല. |
| (സി) | ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് നടപ്പാക്കാവുന്ന പ്രയോജനപ്രദമായ കാര്യങ്ങളെ സംബന്ധിച്ച് വകുപ്പിൽ പഠനങ്ങൾ നടത്തിയിട്ടുണ്ടോയെന്നറിയിക്കുമോ? | (സി) | ആലോചിക്കാം |

സെക്ഷൻ ഓഫീസർ